**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 466** **27.06.2019-ൽ മറുപടിക്ക്**

## സമ്പൂർണ്ണ ട്രോമ കെയർ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. വി. കെ. സി. മമ്മത് കോയ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡ് അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രധാനപ്പെട്ട ആശുപത്രികളിൽ ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് സമ്പൂർണ്ണ ട്രോമ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് റോഡപകടങ്ങളിൽപെട്ട് പരിക്കേൽക്കുന്നവരുടെ ജീവൻ രക്ഷിക്കുന്നതിന് എല്ലാ മെഡിക്കൽ കോളേജുകളിലും സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാ കെയർ സംവിധാനം നിലവിലുണ്ട്. ദേശീയ പാതയോരത്ത് സ്ഥിതിചെയ്യുന്ന മെഡിക്കൽ കോളേജുകളിൽ സമ്പൂർണ്ണട്രോമാ കെയർ സംവിധാനം നടപ്പിലാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ദേശീയ പാതയോരത്തുള്ള ആലപ്പുഴ മെഡിക്കൽ കോളേജിൽ സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതിയും തുടർ അനുമതികളും നൽകിയിട്ടുണ്ട്. ഈ ആശുപത്രിയിൽ മൂന്ന് കോടി രൂപാ ചെലവിൽ നിലവിലുള്ള കാഷ്വാലിറ്റിയിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>ദേശീയ പാതകളിൽ നാറ്റ്പാക് നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾക്ക് സമീപമുള്ള ആശുപത്രികളിൽ ഘട്ടംഘട്ടമായി ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തിവരുന്നു. സംസ്ഥാനമൊട്ടാകെ പ്രവർത്തനസജ്ജമാകുന്ന വിധത്തിൽ 315 ആംബുലൻസുകൾ ഉൾപ്പെടുന്ന കാൾ സെന്റർ ബേസ്ഡ് ആംബുലൻസ് സേവനം ഈ വർഷം ആഗസ്റ്റ് മാസത്തോടെ പ്രവർത്തന സജ്ജമാകും. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിലാണ് ഇതു നടന്നുവരുന്നത്. ഇതിനുപുറമെ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 108 ആംബുലൻസ് സംവിധാനവും നിലവിലുണ്ട്. വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന |

| | | | |
|---|---|---|---|
| | | | രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അപകടങ്ങൾ കൊണ്ടുണ്ടാകുന്ന അംഗവൈകല്യം കുറയ്ക്കുന്നതിന് പ്രസ്തുത പദ്ധതിയുടെ ഭാഗമായി, ഡോക്ടർമാരും നേഴ്സുമാരും ഉൾപ്പെട്ട ടീമിന് ഡൽഹിയിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മുഖേന പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കും ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും അക്യൂട്ട് ട്രോമാ ലൈഫ് സപ്പോർട്ട് ട്രെയിനിംഗം നടത്തിവരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കും ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ആഭിമുഖ്യത്തിൽ ട്രോമാ കെയർ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലകളിൽതന്നെ പരിശീലനം നൽകുന്നതിനായി ജില്ലാ ആശുപത്രികളിൽ ട്രെയിനീസ് സ്കിൽ ലാബുകൾ സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കിൽ ലാബുകൾക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള തുക 2019-20-ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ടി.പി. മുഖേന സേഫ് കോറിഡോർ പദ്ധതി പ്രകാരം എം.സി. റോഡിൽ അടൂർ, കഴക്കൂട്ടം റോഡിൽ, അടൂർ ജനറൽ ആശുപത്രി, കൊട്ടാരക്കര താലൂക്ക് ആശുപത്രി, വാമനപുരം പ്രാഥമികാരോഗ്യ കേന്ദ്രം, കന്യാകുളങ്ങര കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും രണ്ട് ആംബുലൻസുകൾക്കും അനുമതി നൽകിയിട്ടുണ്ട്. |
| (സി) | റോഡപകടങ്ങളിൽപ്പെടുന്നവരെ എത്രയും വേഗം ആശുപത്രികളിൽ എത്തിക്കുന്നതിന് വിപുലമായ രീതിയിൽ ആധുനിക ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേരളത്തിൽ വാഹനങ്ങളുടെ സാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 15358 ആണ്. ഇത് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം കൂടുതലാണ്. അതിനാൽ വാഹനാപകടങ്ങളും ഇവിടെ കൂടുതലാണ്. വാഹനാപകടങ്ങളിൽപെടുന്ന എല്ലാവരുടേയും ജീവൻ രക്ഷിക്കുക എന്നുള്ളത് ശ്രമകരമായ കാര്യമാണ്. എന്നാൽ പഠനങ്ങൾ തെളിയിക്കുന്നത് വാഹനാപകടങ്ങളിൽ ഹൃദയസംബന്ധമായതും നാഡീവ്യൂഹ സംബന്ധമായ പരിക്കുപറ്റുന്നവർക്ക് 15 |

മിനിറ്റിനുള്ളിൽ മരണം സംഭവിക്കുന്നു എന്നുള്ളതാണ്. ഇതിൽ 50 ശതമാനത്തോളം ആളുകളെ സുശക്തമായൊരു ട്രോമാകെയർ സംവിധാനം ഉണ്ടെങ്കിൽ രക്ഷിക്കുവാൻ കഴിയും. ഇതിനായി ട്രോമാകെയർ സംവിധാനങ്ങളുടെ ഭാഗമായി ആംബുലൻസ് നെറ്റ് വർക്കുകൾ സജ്ജമാക്കേണ്ടതുണ്ട്. ആധുനിക ചികിത്സാ സംവിധാനങ്ങളുള്ള ആംബുലൻസുകളും പരിശീലനം നേടിയ ടെക്നീഷ്യനും ഉണ്ടെങ്കിൽ അപകടം നടന്നസ്ഥലത്തുനിന്നും പരിക്ക് പറ്റിയ ആളെ ആശുപത്രിയിൽ എത്തിക്കുന്നതിന് മുമ്പുതന്നെ ജീവൻ രക്ഷിക്കാനുള്ള ചികിത്സയും മരുന്നും നൽകി ജീവൻ രക്ഷിക്കുവാനും അംഗവൈകല്യങ്ങൾ തടയുവാനും കഴിയും.

പ്രസ്തുത വാഹനങ്ങൾ ട്രോമാകെയർ സെൻററുകളും ആശുപത്രിയും കണക്കാക്കി എത്രയും പെട്ടെന്ന് അപകടത്തിൽ പരിക്ക് പറ്റിയ ആളെ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് എത്തിക്കാൻ വേണ്ടുന്നവിധത്തിലാണ് വിന്യസിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. സമഗ്രമായ ട്രോമാകെയർ സംവിധാനത്തിന് അത്യാവശ്യമായ മൂന്ന് ഘടകങ്ങളാണ് ഒരുക്കേണ്ടത്.

(1) അപകടത്തിൽപെട്ട വ്യക്തിയെ എത്രയുംപെട്ടെന്ന് ചികിത്സാ കേന്ദ്രത്തിൽ എത്തിക്കുക.
(2) ചികിത്സാ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
(3) സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സേവനം ചികിത്സാ കേന്ദ്രത്തിലും ആംബുലൻസിലും ലഭ്യമാക്കുക.

ഇതിനുവേണ്ടി കേരളത്തിലെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ മേൽനോട്ടത്തിൽ ദേശീയ, സംസ്ഥാന, ഉൾനാടൻ പാതകളിൽ ഏറ്റവും കൂടുതൽ വാഹനാപകടം ഉണ്ടാകുന്ന ബ്ലാക്ക്സ്പോട്ടുകളെ ജി.ഐ.എസ് മാപ്പിംഗിലൂടെ കണ്ടെത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ സഞ്ചരിക്കുന്ന അത്യാധുനിക ജീവൻ രക്ഷാ നെറ്റ് വർക്ക് ആംബുലൻസുകളിൽ മേൽ പറഞ്ഞ ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തിര സാഹചര്യത്തിൽ ആംബുലൻസുകൾ ലഭ്യമാക്കുന്ന തരത്തിലായിരിക്കും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

| | | | |
|---|---|---|---|
| | | | ഈ വിന്യസിക്കുന്ന വാഹനങ്ങളിൽ എല്ലാം തന്നെ ജി.പി.എസ് സംവിധാനം ഉള്ളതാണ്. അതിനാൽ തന്നെ അപകട അറിയിപ്പ് കൺട്രോൾ റൂമിൽ കിട്ടിയാൽ ഉടൻതന്നെ ജി.പി.എസ് സംവിധാനം ഉപയോഗിച്ച് ഏറ്റവും അടുത്തുള്ള ആംബുലൻസ് ഏതാണെന്ന് അറിയുകയും പരിക്കിന്റെ വിവരങ്ങൾ അറിഞ്ഞ ശേഷം അത് അനുസരിച്ച് ചികിത്സ ലഭിക്കുന്ന ആശുപത്രിയിലേക്ക് എത്തിക്കുവാനും കഴിയും.<br>നിലവിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ മാത്രം നടത്തിവരുന്ന 108 ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2018 മാർച്ചിൽ ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ഇ-ടെണ്ടർ നേടിയ മെസ്സേഴ്സ്. ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനിയുമായി 315 ആംബുലൻസുകൾ സംസ്ഥാന വ്യാപകമായി വിന്യസിക്കുന്നതിന് സമ്മതപത്രം ഒപ്പുവെച്ചിട്ടുണ്ട്. ആംബുലൻസ് സംവിധാനം ഏകോപിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ടെണ്ടർ നേടിയ കമ്പനിയുമായി ഒപ്പുവെച്ച കരാർ പ്രകാരം 2019 ആഗസ്റ്റ് മാസത്തോടെ 315 ആംബുലൻസുകളും പൂർണ്ണസജ്ജമായി പ്രവർത്തനം ആരംഭിക്കത്തക്കരീതിയിലാണ് നടപടികൾ പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ